## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 136 — 13/6/2014 ൽ മറുപടിയ്ക്ക്

# റബ്ബർ സംഭരണം

**ചോദ്യം**

ശ്രീ. ജി സുധാകരൻ
, , ഇ.പി . ജയരാജൻ
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**ഉത്തരം**

**ശ്രീ. കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) റബ്ബർ സംഭരണ നടപടികളെ സംബന്ധിച്ച് ഏറ്റവും അവസാനം അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(എ) 16/5/2014 നാണ് ഇത് സംബന്ധിച്ച് അവസാനമായി അവലോകനം നടത്തിയത്. സംസ്ഥാന സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പ തുകയ്ക്ക് ഗ്യാരണ്ടി നിൽക്കുന്നതിന് തീരുമാനിക്കുകയും 2014 മേയ് 24-നകം കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകൾ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനും ഫണ്ട് അനുവദിച്ചു നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി 31/5/2014-നകം തുക ബാങ്ക് ലഭ്യമാക്കുന്നതിനും, പ്രാരംഭ ഘട്ടത്തിൽ ഓരോ സംഭരണ ഏജൻസിയും കുറഞ്ഞത് പ്രതിമാസം 1000 ടൺ സംഭരിക്കുന്നതിനും ഇതിലേയ്ക്കായി ആവശ്യമായ തുക സംസ്ഥാന സഹകരണ ബാങ്ക് ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനും സംഭരിച്ച റബ്ബർ വിപണനം നടത്തുമ്പോൾ ഏജൻസികൾക്ക് നഷ്ടം വന്നാൽ പലിശ സർക്കാർ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) സംഭരണ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ല.

(സി) സംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണ്; ഇവർക്ക് സംഭരണത്തിനായുള്ള ഫണ്ട് ലഭ്യമാക്കിയതെങ്ങനെയാണ്; ഇവ ഓരോന്നും നാളിതുവരെ നടത്തിയ സംഭരണവും ചെലവാക്കിയ തുകയും വിശദമാക്കാമോ;

(സി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ് ഫെഡ്), റബ്ബർ ബോർഡിന്റെ കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികളാണ് റബ്ബർ സംഭരിക്കുന്നത്.

റബ്ബർമാർക്ക് - 109.7 MT (Rs. 1.64 crore)
മാർക്കറ്റ് ഫെഡ് - 29262.4 Kg (Rs.4350205)

(ഡി) സംഭരണ ഏജൻസികൾക്ക് ഹാന്റിലിംഗ് ചാർജ്ജ് ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു; അവ പൂർണ്ണമായും നല്കിയിട്ടുണ്ടോ ?

(ഡി) സംഭരണ ഏജൻസികൾക്ക് ഹാന്റിലിംഗ് ചാർജ്ജ് കൂടാതെ കൺസോർഷ്യം ബാങ്ക് നൽകുന്ന വായ്പയ്ക്ക് സർക്കാർ ഗ്യാരന്റിയും, വായ്പയ്ക്ക് സംഭരണ ഏജൻസികൾ പലിശ നൽകേണ്ടതുമാണ്. എന്നാൽ സംഭരണ, വിൽപ്പന പ്രക്രിയയിൽ നഷ്ടം നേരിടുകയാണെങ്കിൽ ഏജൻസികൾക്ക് സർക്കാർ പലിശ നൽകുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. സംഭരിച്ച റബ്ബറിനുള്ള ഹാന്റിലിംഗ് ചാർജ്ജ് തുക ഏജൻസികൾക്ക് പൂർണ്ണമായും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ